## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: ജാഫർ മലിക് IAS)

തിരുവനന്തപുരം

**ഉത്തരവ് നം.: E4-17623/18.** **തീയതി: 29.1.2019**

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും അറ്റൻഡർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സാമൂഹ്യനീതി ഡയറക്ടറുടെ 28.12.18ലെ മേൽ നമ്പർ പരിപത്രം.
2. വിവിധ കാര്യാലയമേധാവികൾ മുഖാന്തിരമുള്ള ജീവനക്കാരുടെ അപേക്ഷകൾ.
3. സാമൂഹ്യനീതി ഡയറക്ടറുടെ 29.10.2015ലെ E9-18660/15 നം. ഉത്തരവ്.

സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിലവിലുള്ള അറ്റൻഡർ തസ്തികയിലെ ഒഴിവ് സ്ഥാനക്കയറ്റം വഴി നികത്തുന്നതിന് പരാമർശം(1) പ്രകാരം വകുപ്പിലെ ഓഫീസ് അറ്റൻഡന്റ് / വാച്ച്മാൻ / വാച്ച് വുമൺ തസ്തികകളിലെ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ ഏറ്റവും സീനിയറായിട്ടുള്ള തിരുവനന്തപുരം അർബൻ II ICDS-ലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. ഷീജ.എസ് (പരാമർശം (3) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റ് ക്രമ നം.32) അർഹയാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ ശ്രീമതി.ഷീജ.എസ്-ന് കേരള സർവ്വീസ് ചട്ടം 28A (i) അനുസരിച്ച് 17000-37500 രൂപ ശമ്പള സ്കെയിലിൽ അറ്റൻഡർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം ടി ജീവനക്കാരി ജോലിയിൽ പ്രവേശിക്കാത്ത പക്ഷം ഈ ഉത്തരവ് സ്വമേധയാ റദ്ദാകുന്നതാണ്.

(ഒപ്പ്)
**സാമൂഹ്യനീതി ഡയറക്ടർ**

ശ്രീമതി. ഷീജ.എസ്
ഓഫീസ് അറ്റൻഡന്റ്, ICDS തിരുവനന്തപുരം അർബൻ-II

പകർപ്പ്:
1. വനിതാ-ശിശുവികസന ഡയറക്ടർ
2. ശിശുവികസന പദ്ധതി ഓഫീസർ, ഐസിഡിഎസ്, തിരുവനന്തപുരം അർബൻ II
3. സൂപ്രണ്ട്, ബിൽ സെക്ഷൻ / എ-സെക്ഷൻ
4. ഇ3 സീറ്റ് / ഇ9 സീറ്റ്.
5. സ്റ്റോക്ക് ഫയൽ/ സ്പെയർ.

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

db@